**കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയം**
വികാസ് ഭവൻ, തിരുവനന്തപുരം-695033
ഇമെയിൽ: cru.agridir@kerala.gov.in, ഫോൺ: 0471-2304481

നം: ADFW/10971/2022-SE2 തീയതി :**21-06-2024**

## <u>നോട്ടീസ്</u>

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് - ജീവനക്കാര്യം - ശ്രീമതി. ലതിക കെ കൃഷി അസിസ്റ്റന്റിനെ ടെർമിനേറ്റ് ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം കൈകൊള്ളുന്നത് സംബന്ധിച്ച് -

സൂചന:- ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 22-03-2024 തീയതിയിലെ E(3) 8283/2018 നമ്പർ കത്ത്.

മേൽ സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ശ്രീമതി. ലതിക കെ എന്ന താങ്കൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയും ഓഫീസിൽ വരുന്ന കർഷകരോട് മറ്റ് ഉദ്യോഗസ്ഥരെ കുറ്റപെടുത്തി സംസാരിക്കുകയും ചെയ്യുന്നതായും ആയത് മണ്ണഞ്ചേരി കൃഷി ഭവന്റെ മൊത്തത്തിലുള്ള പ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്തതായി കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.
ആയതിന്റെ അടിസ്ഥാനത്തിൽ താങ്കൾക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർ ആലപ്പുഴ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ആയതിന്റെ വിശദീകരണം സഹിതം ഹാജരാകുന്നതിന് പല തവണ നിർദേശം നൽകിയിരുന്നുവെങ്കിലും താങ്കൾ ആയത് പാലിക്കുകയുണ്ടായില്ല. ടി വിഷയത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നടത്തിയ അന്വേഷണത്തിൽ താങ്കൾ ആയതിന് നൽകിയ മറുപടി തൃപ്തികരമല്ല. ഇപ്രകാരം താങ്കൾ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരിക്കുകയും ഹാജരാകുന്ന ദിവസങ്ങളിൽ ഓഫീസ് സമയക്രമം പാലിക്കാതിരിക്കുകയും ഓഫീസിൽ വരുന്ന കർഷകരോട് മറ്റ് ഉദ്യോഗസ്ഥരെ കുറ്റപെടുത്തി സംസാരിക്കുകയും മേലുദ്യോഗസ്ഥരെ അനുസരിക്കാതിരിക്കുകയും ഓഫീസിൽ നേരിട്ട് ഹാജരാകുന്നതിനുള്ള നിർദേശം അനുസരിക്കാതിരിക്കുകയും താങ്കളുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയായി കാണുകയും ആയതിന്മേൽ ഈ കാര്യാലയത്തിൽ നിന്നും കുറ്റപത്രം സമർപ്പിക്കുകയും ആയത് കൈപറ്റിയിട്ടും താങ്കൾ ആയതിന് മറുപടി നൽകിയില്ല. തുടർന്ന് ടി വിഷയത്തിൽ റൂൾ 15 എൻക്വയറി നടത്തുന്നതിന് ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപെടുത്തി ഉത്തരവാക്കിയിരുന്നു. താങ്കൾ വീണ്ടും അനധികൃത ഹാജരില്ലായ്മ തുടരുകയാണെന്നും ആയതിനാൽ താങ്കൾക്കെതിരെ ശക്തമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താങ്കളെ അനധികൃത ഹാജരില്ലായ്മ അച്ചടക്ക രാഹിത്യവും നിരുത്തരവാദപരവുമായ പെരുമാറ്റം അന്വേഷണ വിധേയമായി സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവ് താങ്കൾക്ക് ലഭ്യമായ താങ്കളുടെ രണ്ട് മേൽ വിലാസത്തിൽ അയച്ചിരുന്നുവെങ്കിലും ആയത് കൈപറ്റാതെ തിരികെ ലഭിച്ചതായും റിപ്പോർട്ട് ചെയ്തിരുന്നു.

തുടർന്ന് താങ്കൾ നേരിട്ട് ഓഫീസിലെത്തി ഉത്തരവ് കൈപറ്റിയിരുന്നു. താങ്കളെ അച്ചടക്ക നടപടി നിലനിർത്തി കൊണ്ട് സസ്പെൻഷനിൽ നിന്നും തിരികെ പ്രവേശിപ്പിച്ച് മണ്ണഞ്ചേരി കൃഷി ഭവനിൽ നിന്ന് കണ്ണൂർ ചെമ്പിലോട് കൃഷി ഭവനിലേക്ക് പുനർനിയമിച്ച് ഉത്തരവായതിന്റെ അടിസ്ഥനത്തിൽ മണ്ണഞ്ചേരി കൃഷി ഭവനിൽ നിന്നും താങ്കളെ വിടുതൽ ചെയ്ത് ഉത്തരവ് പല തവണ താങ്കൾക്ക് ലഭ്യമാക്കുവാൻ ശ്രമിച്ചുവെങ്കിലും ആയത് താങ്കൾ നാളിതു വരെ കൈപറ്റിയിട്ടില്ല.

ടി വിഷയത്തിൽ ഒരു ഉത്തരവാദപെട്ട സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ താങ്കളുടെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ച്ചയും കടുത്ത അച്ചടക്ക ലംഘനവുമായി വീക്ഷിക്കുന്നു. മേൽ സാഹചര്യത്തിൽ താങ്കൾ അനധികൃത ഹാജരില്ലായ്മ തുടരുകയും വകുപ്പുതല അന്വേഷണത്തിൽ സഹകരിക്കാതിരിക്കുകയും ചെയ്തതിന്റെ അടിസ്ഥനത്തിൽ താങ്കളെ absconding ആയി രേഖപെടുത്തി സേവനത്തിൽ നിന്നും ടെർമിനേറ്റ് ചെയ്യുന്നതിനുള്ള തീരുമാനം താത്കാലികമായി കൈകൊണ്ട വിവരം താങ്കളെ അറിയിക്കുന്നു. ആയതിൽ അന്തിമ തീരുമാനം കൈകൊള്ളാതിരിക്കാൻ കാരണമുള്ള പക്ഷം ഈ നോട്ടീസ് കൈപറ്റി 15 ദിവസത്തിനുള്ളിൽ ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം ടി വിഷയത്തിൽ താങ്കൾക്ക് മറ്റൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

മേൽ നോട്ടീസ് ടിയാൻ കൈപറ്റിയില്ലായെങ്കിൽ ആയത് ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതും ടിയാനെ കുറിച്ചുള്ള വിവരം ലഭ്യമാക്കുന്നതിനായി ബന്ധപെട്ട പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കേണ്ടതാണെന്നും പ്രിൻസിപ്പൽ കൃഷി ഓഫീസർ ആലപ്പുഴയോട് നിർദേശിക്കുന്നു.

SEERAM SAMBASIVA RAO IAS
DIRECTOR
കൃഷി ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്: ശ്രീമതി. ലതിക കെ.

കൃഷി അസിസ്റ്റന്റ്

മണ്ണഞ്ചേരി കൃഷി ഭവൻ

ആലപ്പുഴ

( പ്രിൻസിപ്പൽ കൃഷി ഓഫീസർ ആലപ്പുഴ മുഖാന്തിരം )

പകർപ്പ്: പ്രിൻസിപ്പൽ കൃഷി ഓഫീസർ ആലപ്പുഴ

( ബന്ധപെട്ട ജീവനക്കാരന് പകർപ്പ് ലഭ്യമാക്കി ആയതിന്റെ തീയതി വെച്ച

ഒപ്പ് രേഖപെടുത്തി തിരികെ ലഭ്യമാക്കേണ്ടതാണ്.